# സ്പെഷ്യൽ ഡ്രൈവ് ന്യൂസ്

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാനായി എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ്- ആവിഷ്കരിച്ച പുതിയ പദ്ധതി പ്രകാരം റൂറൽ ജില്ലയിൽ മുഴുവനും ഇന്നലെ (10.01.2017) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഡ്രൈവ് നടത്തി.

എറണാകുളം റൂറൽ ജില്ല പോലീസ് മേധാവിയുടെ പ്രത്യേക ഉത്തരവ് പ്രകാരം റൂറൽ ജില്ലയിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഇന്നലെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 1318 കേസുകൾ രജിസ്റ്റർ ചെയ്തു.

മദ്യപിച്ച് വാഹനം ഓടിച്ചതിന് 180 കേസുകളും, അലക്ഷ്യമായി വാഹനം ഓടിച്ചതിന് 138 കേസുകളും, ഹെൽമറ്റ് ധരിക്കാത്തതിന് 989 കേസ്സുകളും, മൊബൈൽഫോൺ ഉപയോഗിച്ച് വാഹനമോടിച്ചതിന് 11 കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തത്.

ഇനിയും ഇത്തരം സ്പെഷ്യൽ ഡ്രൈവുകൾ തുടരുമെന്ന് ജില്ല പോലീസ് മേധാവി അറിയിച്ചു.